# Sakalavidha Vadyanadhavum, Daniel 3:10

**സകലവിധ വാദ്യനാദവും കേൾക്കുമ്പോൾ.............. ദാനി 3:10**



നോഹയുടെ കാലത്തിന്റെ തനിയാവർത്തനം ഇന്നത്തെ സമൂഹത്തിൽ എത്രമാത്രം നിറഞ്ഞിരിക്കുന്നു ? സംഗീതത്തോടുള്ള താൽപര്യം നോഹയുടെ കാലം മുതൽ ആരംഭിച്ചതാണ്. ലാമെക്കിന്റെ മകനായ യൂബലിന്റെ കാലം മുതൽ സംഗീതോപകരണങ്ങളുടെ ഉപയോഗം കാണാം.

ഇന്നത്തെ വേദഭാഗത്ത് കാണുന്ന വിഗ്രഹാരാധന പ്രത്യേകാൽ ശ്രദ്ധേയമത്രേ. നെബുഖദ്നേസ്സർ അറുപതുമുഴം ഉയരവും , ആറു മുഴം വണ്ണവുമുളള തന്റെ പ്രതിമ ദുരാസമഭൂമിയിൽ സ്ഥാപിച്ചു. തന്റെ പ്രജകളെല്ലാം വാദ്യാഘോഷം കേൾക്കുമ്പോൾ പ്രതിമയെ നമസ്ക്കരിക്കണമെന്ന് ഘോഷകൻമാർ മുഖേന മുന്നറിയിപ്പ് നൽകി.കാഹളം ,തംബുരു,വീണ,കുഴൽ,നാഗസ്വരം,കിന്നരം എന്ന ആറ് സംഗീതോപകരണങ്ങളുടെ സ്വരം കേൾക്കുന്ന ഏവനും പ്രതിമയെ വീണു നമസ്ക്കരിച്ചു. നമസ്ക്കരിക്കതെയിരുന്നാൽ അവനെ എരിയുന്ന തീച്ചൂളയിൽ ഇട്ടുകളയുമെന്നും കല്പിച്ചിരുന്നു. ഇതുതന്നെയാണ് എതിർക്രിസ്തുവിന്റെ ഭരണകാലത്ത് നടക്കുന്നത്. ആധുനിക തലമുറയുടെ സംഗീതത്തോടുള്ള അഭിനിവേശം ഇതിന്റെ തുടക്കമാണ്.ചെവിയിൽ സംഗീതമുതിർത്ത് പ്രവർത്തികൾ ചെയ്യാനുള്ള സൗകര്യം

ഇന്നത്തെ മോബൈൽ കമ്പനികളും ഒരുക്കിക്കൊടുക്കുന്നു. എതിർക്രിസ്തുവിന്റെ ഭരണകാലത്തേക്കുള്ള റോക്ക്,പോപ്പ്, കൊലവറി എന്നിത്യാദി സംഗീത വകുപ്പുകൾ ആരംഭിച്ചു കഴിഞ്ഞു. നെബുദ്നേസറിന്റെ ഉത്തരവുപോലെ മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിക്കാത്തവരെ കൊല്ലുമെന്ന് എതിർക്രിസ്തുവും പ്രസ്താവിക്കും(വെളി.13:15) എന്നാലതൊന്നും ശദക്, മേശക്,അബേദ്നെഗോ എന്നീ ബാലൻമാരിൽ ഒരു ചലനവും വരുത്തിയില്ല.

പ്രീയരെ ആധുനികതയുടെ മറവിൽ പലതും സംഗീതമയമെന്ന പേരിൽ നമ്മെ കീഴ്പ്പെടുത്തും സുവിശേഷീകരണത്തിലും,ദൈവീകാരാധനയിലുമെല്ലാം സംഗീതത്തിന് ഗണ്യമായ സ്ഥാനമു്.മേളക്കൊഴുപ്പിൽ ആത്മീയഗീതങ്ങൾ കൊലവറി ആകാതിരിപ്പാൻ ശ്രദ്ധിക്കുക. ഭക്തൻമാരുടെ സഭയിൽ യഹോവയുടെ സ്തുതിപാടുന്നവരും , നൃത്തം ചെയ്ത് യഹോവയുടെ നാമത്തെ സ്തുതിക്കുന്നവരുമായി തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.


*Sis. Shanthamma Varghese*

**ശാന്തമ്മ വറുഗീസ്**